**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3557** **27-06-2024 - ൽ മറുപടിയ്ക്ക്**

**വരൾച്ചയെ തുടർന്നുണ്ടായ വിളനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ചയെ തുടർന്ന് സംസ്ഥാനത്താകെ എത്ര കർഷകർക്കാണ് വിളനാശം മൂലം നഷ്ടമുണ്ടായത് എന്നറിയിക്കാമോ; എത്ര ഹെക്ടറിലെ കൃഷിയാണ് നശിച്ചത്; ഏലം കർഷകരെ സഹായിക്കാൻ ഏന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | വരൾച്ചയെ തുടർന്ന് സംസ്ഥാനത്താകെ 56947 കർഷകർക്ക് വിളനാശം ഉണ്ടായിട്ടുണ്ട്. ആകെ 46587 ഹെക്ടറിലെ കൃഷി നശിച്ചു.<br><br>കൃഷിനാശം സംഭവിച്ച ഏലം കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വരൾച്ച ബാധിതരായ കർഷകരെ സഹായിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കുന്ന, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ, ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും ഒരു ഹെക്ടറിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യം 22,500/- രൂപയും, സംസ്ഥാന വിഹിതമായി 2,500/- രൂപയും നൽകുന്നുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചു വരുന്നു.<br><br>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>2) ഒരു വർഷത്തേക്ക് ഹെക്ടറിന് 1,500/- രൂപയും, മൂന്നു വർഷത്തേയ്ക്ക് 3,750/- രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു ഹെക്ടർ ഒന്നിന് 60,000/- രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ജനുവരി മുതൽ മെയ് വരെ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് 20,000/- രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.<br><br>ഏലം കർഷകരെ സഹായിക്കുന്നതിനായി നഷ്ടപ്പെട്ട കൃഷി സ്ഥലത്ത് പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളും, ഉല്പാദനോപാധികളും നൽകുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഓരോ ജില്ലയിലെയും വിളനാശത്തിന്റെ തോത് ലഭ്യമാക്കാമോ; | (ബി) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് ഏലം കർഷകരെ സഹായിക്കാൻ ഏന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | കൃഷിനാശം സംഭവിച്ച ഏലം കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വരൾച്ച ബാധിതരായ കർഷകരെ സഹായിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും ഒരു ഹെക്ടറിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യം 22,500/- രൂപയും, സംസ്ഥാന വിഹിതമായി 2,500/- രൂപയും നൽകുന്നുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി |

| | | | |
|---|---|---|---|
| | | | നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചു വരുന്നു.<br><br>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>2) ഒരു വർഷത്തേക്ക് ഹെക്ടറിന് 1,500/- രൂപയും, മൂന്നു വർഷത്തേയ്ക്ക് 3,750/- രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു ഹെക്ടർ ഒന്നിന് 60,000/- രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ജനുവരി മുതൽ മെയ് വരെ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് 20,000/- രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.<br><br>4) ഏലം കർഷകരെ സഹായിക്കുന്നതിനായി നഷ്ടപ്പെട്ട കൃഷി സ്ഥലത്ത് പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളും, ഉല്പാദനോപാധികളും നൽകുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ലയുടെ പേര് | ആകെ വിളനാശം (ഹെക്ടറിൽ) | നഷ്ടം (ലക്ഷത്തിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 233 | 29 | 181 |
| 2 | കൊല്ലം | 125 | 1102 | 2170 |
| 3 | പത്തനംതിട്ട | 839 | 82 | 757 |
| 4 | ആലപ്പുഴ | 805 | 196 | 1331 |
| 5 | കോട്ടയം | 255 | 197 | 711 |
| 6 | ഇടുക്കി | 33722 | 17554 | 29743 |
| 7 | എറണാകുളം | 779 | 208 | 1541 |
| 8 | തൃശ്ശൂർ | 3495 | 84 | 6713 |
| 9 | പാലക്കാട് | 3234 | 3246 | 4936 |
| 10 | മലപ്പുറം | 664 | 1073 | 1327 |
| 11 | കോഴിക്കോട് | 692 | 706 | 1501 |
| 12 | കണ്ണൂർ | 1009 | 488 | 1941 |
| 13 | വയനാട് | 288 | 677 | 2863 |
| 14 | കാസർഗോഡ് | 448 | 68 | 1232 |
| | **ആകെ** | **46588** | **25710** | **56947** |

**സെക്ഷൻ ഓഫീസർ**